**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 323** **15-07-2022 - ൽ മറുപടിയ്ക്ക്**

**നഗരസഭകളിൽ ഓൺലൈൻ സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നഗരസഭകളിലെ സേവനങ്ങൾ പൂർണ്ണമായും ഓൺലൈനാക്കാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ ഇതിനായുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (എ) | തിരുമാനിച്ചിട്ടുണ്ട്. പുതിയ പ്ലാറ്റ്ഫോമിൽ ആപ്ലിക്കേഷൻ ഡെവലപ്മെന്റ് പുരോഗമിക്കുകയാണ്, 2022ഒക്ടോബർ മാസത്തിൽ ഇതിന്റെ ആദ്യ പതിപ്പ് നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിന്യസിക്കാനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. 2023 ജൂൺ മാസത്തോടെ എല്ലാ ആപ്ലിക്കേഷനുകളും പുതിയ പ്ലാറ്റ്ഫോമിൽ മൊബൈൽ ആപ്പ് സംയോജനത്തോടെ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | പഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണത്തിനുള്ള അനുമതി ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നുണ്ടോ; സംയോജിത തദ്ദേശ സ്വയംഭരണ വകുപ്പിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമായി പുതിയ സോഫ്റ്റ്‌വെയർ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; | (ബി) | പഞ്ചായത്തുകളിൽ നിലവിൽ സങ്കേതം ആപ്ലിക്കേഷനിലൂടെ കെട്ടിട നിർമ്മാണത്തിനുള്ള അനുമതി ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെട്ടിട നിർമ്മാണ അനുമതി കൂടുതൽ വേഗത്തിൽ നൽകുന്നതിനായി സങ്കേതം ആപ്ലിക്കേഷൻ പരിഷ്കരിച്ച് ഒരു സംയോജിത പൊതു ആപ്ലിക്കേഷൻ ഉണ്ടാക്കുന്നതിനുള്ള പദ്ധതി ആലോചനയിലുണ്ട്. |
| (സി) | ഇൻഫർമേഷൻ കേരള മിഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കടലാസ് രഹിതമാക്കാനുള്ള പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | ഗ്രാമ പഞ്ചായത്തുകളിലെ ഫയൽ നടപടികൾ സുതാര്യവും, സുഗമവുമാക്കി സേവനങ്ങൾ ഒരു കുടക്കീഴിൽ മുഴവൻ സമയവും പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിലേക്കായി പഞ്ചായത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ ഇൻഫർമേഷൻ കേരള മിഷൻ(ഐ.കെ.എം) വികസിപ്പിച്ച അതിനൂതന സോഫ്റ്റ് വെയറായ ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം(ഐ.എൽ.ജി.എം.എസ്) സോഫ്റ്റ് വെയർ സംസ്ഥാനത്തെ 941 ഗ്രാമ പഞ്ചായത്തുകളിലും വിന്യസിച്ചിട്ടുണ്ട്.<br><br>ഒറ്റ ലോഗിനിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുഴവൻ സേവനങ്ങളും പ്രവർത്തനങ്ങളും കൈകാര്യം |

| | | | |
|---|---|---|---|
| | | | ചെയ്യാൻ കഴിയുമെന്നതാണ് ഐ.എൽ.ജി.എം.എസ് ന്റെ സവിശേഷത.<br><br>ഐ.എൽ.ജി.എം.എസ് ന്റെ ഭാഗമായ സിറ്റിസൺ സർവ്വീസ് പോർട്ടൽ മുഖേന പൊതുജനങ്ങൾക്ക് സോഫ്റ്റ് വെയറിലൂടെ രജിസ്റ്റർ ചെയ്ത ശേഷം അവരുടെ ലോഗിനിലൂടെ പഞ്ചായത്തുകൾ നൽകിവരുന്ന 263 സേവനങ്ങൾക്കും ഓൺലൈൻ ആയി അപേക്ഷ അയക്കുന്നതിനും, ഓൺലൈൻ ആയി തന്നെ തുക ഒടുക്കുന്നതിനുള്ള സംവിധാനവും ലഭ്യമാക്കിയിട്ടുണ്ട്.<br><br>കൂടാതെ എല്ലാ ഗ്രാമ നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പൂർണ്ണമായും കടലാസ് രഹിതമാക്കുന്നതിനായി സാധാരണ ഉപയോഗിക്കുന്ന ഭൂരിഭാഗം ആപ്ലിക്കേഷനുകളും സംയോജിപ്പിച്ച് സേവനങ്ങളെല്ലാം ഒരു മൊബൈൽ ആപ്പ് വഴി ലഭ്യമാക്കുന്നതിനുള്ള സോഫ്റ്റ് വെയർ വികസന പ്രവർത്തനങ്ങൾ ഐ.കെ.എം. ൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ